കടൽഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പണം അനുവദിക്കുകയുണ്ടായി. എന്നാൽ എറണാകുളം ജില്ലയിലാകട്ടെ ചെല്ലാനത്ത് ആയാലും കൊള്ളാം ഇടവനക്കാട് ആയാലും കൊള്ളാം കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി ഒരു പൈസപോലും കൊടുക്കുകയുണ്ടായില്ല. പൊളിഞ്ഞഭാഗത്തു കൂടിയാണ് വെള്ളം കയറിയിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി കടൽഭിത്തി കെട്ടാനുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. അടിയന്തിര ആശ്വാസ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കടൽവെള്ളം കയറി ഇവിടെ കുറേയധികം നാശനഷ്ടങ്ങൾ ഉണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുനാമി അപകടം വന്നതിനുശേഷം കടൽഭിത്തി കെട്ടാനായിട്ട് സുനാമി അഫക്ടഡ് ആയിട്ടുള്ള ഏരിയ നിശ്ചയിച്ച കൂട്ടത്തിൽ ഇടവനക്കാട് പഞ്ചായത്തും ഉൾപ്പെടും. അവിടത്തെ നിലവിലുള്ള കടൽ ഭിത്തി റിപ്പയർ ചെയ്യുന്നതിനും പുതിയ സ്ഥലത്ത് കെട്ടുന്നതിനും അടിയന്തിരമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്.

VI (a). ക്രമപ്രശ്നം

മന്ത്രിമാർ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: ചട്ടപ്രകാരം ഇന്ന് അനൗദ്യോഗികാംഗങ്ങളുടെ ദിവസമാണ്. അത് നമ്മൾ വേപ് ചെയ്തുകൊണ്ടാണ് ഗവൺമെന്റ് കാര്യങ്ങൾക്കായി മാറ്റിവച്ചത്. ഇന്ന് ചോദ്യോത്തരവേളയിൽ അഞ്ച് മന്ത്രിമാർപോലും സഭയിൽ ഇല്ലായിരുന്നു എന്നുള്ളത് ദൗർഭാഗ്യകരമാണ്. മന്ത്രിമാരുടെ എണ്ണം നോക്കിയാൽ മൂന്നിലൊന്നുപോലും കാണുകയില്ല. അനൗദ്യോഗികാംഗങ്ങളുടെ അവകാശം മാറ്റിവച്ചിട്ട് ഇവിടെ മന്ത്രിമാർ ഇല്ല എന്ന് വരുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഉദ്യോഗസ്ഥ ഗ്യാലറിയിൽ സീറ്റ് ഒഴിഞ്ഞു കിടക്കുന്നു എന്ന് നമ്മൾ മുറവിളി കൂട്ടുമ്പോൾ ഈ കാര്യം ഗൗരവമായി പരിശോധിക്കേണ്ടതാണ്. മുഖ്യമന്ത്രി ഇത് സീരിയസ്സായിട്ട് എടുക്കണം. ചോദ്യോത്തരവേളയിൽ ഇവിടെ അഞ്ച് മന്ത്രിമാർപോലും ഉണ്ടായിരുന്നില്ല എന്നത് നിസാരമായ കാര്യമല്ല എന്നത് മുഖ്യമന്ത്രി കാണണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതിൽ സഹകരിക്കുന്ന അംഗങ്ങളോടും നിയമസഭയോടും കാണിക്കുന്ന അനാദരവാണിത്. അതുകൊണ്ട് ഇത് സംബന്ധിച്ച് ഒരു വ്യക്തമായ റൂളിംഗ് വേണം.

മി. സ്പീക്കർ: നമുക്ക് പന്ത്രണ്ടരമണിക്ക് ഇന്ന് അവസാനിപ്പിക്കേണ്ടതാണ് ഒരു പ്രത്യേക സാഹചര്യത്തിൽ ഇന്ന് മൂന്ന് കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. പിന്നെ ശ്രീ. ജയരാജൻ പറഞ്ഞ കാര്യം അത് ഞാൻ മന്ത്രിമാരുടെ സൻമനസ്സിന് വിട്ടുകൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ ആൻസർ ചെയ്യാൻ കഴിയുന്ന ക്വസ്റ്റ്യൻസ് ഉണ്ട്. ഡിമാന്റ് ചർച്ചയിൽ അത് ഉപയോഗപ്പെടരുത് എന്ന് കരുതി വളരെ ബോധപൂർവ്വം മന്ത്രിമാർ അതിന് മറുപടി തരുന്നില്ല. സ്പെസിഫിക്കായിട്ട് ഞാൻ അങ്ങേക്ക് എഴുതിത്തന്നതാണ്. അതിനുള്ള നടപടിയുണ്ടാകണം.

VII. റൂളിംഗ്

മി. സ്പീക്കർ: അതിനെപ്പറ്റി ചെയറിന്റെ അഭിപ്രായം പറയാം. പണ്ട് വളരെയധികം ചോദ്യങ്ങൾ ചോദിച്ച്, ഉത്തരം കിട്ടാൻ വിഷമമാണ് എന്ന് വന്നപ്പോൾ അംഗങ്ങൾക്ക് ചോദിക്കാനുള്ള ചോദ്യങ്ങൾ നിയന്ത്രിച്ച് അതിന്റെ എണ്ണം കുറച്ചു. അതിന്റെ ഉദ്ദേശം ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കിട്ടണം എന്നതാണ്. ആ കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നതിനെ ന്യായീകരിക്കാൻ കഴിയില്ല. അത് ഉദ്യോഗതലത്തിൽ നിന്നാണെങ്കിൽ മന്ത്രിമാർ അതിനെക്കുറിച്ച് ശ്രദ്ധിക്കണം. മന്ത്രിമാർ ഈ കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കണം. മെമ്പർമാരുടെ അവകാശത്തെ നിഷേധിക്കരുത് എന്നാണ് ചെയറിന്റെ അഭിപ്രായം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:)* അങ്ങയുടെ റൂളിംഗ് പൂർണ്ണമായും പാലിച്ചുപോകുന്ന രൂപത്തിലുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. അതിന് ഒരു ബുദ്ധിമുട്ടും വന്നുപെടരുത്. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽനിന്നും അവസാനത്തെ നിമിഷം നമുക്ക് വരികയും വളരെ ദീർഘകാല പാരമ്പര്യമുള്ള വിഷയത്തെ സംബന്ധിച്ച വിവരങ്ങൾ നൽകണം എന്ന് പറയുകയും ചെയ്യുമ്പോൾ വിവരം ശേഖരിക്കുന്നു എന്ന ഒരു മറുപടി പറയാൻ നിവൃത്തിയില്ലാത്ത സാഹചര്യം വരികയാണ്. അതുകൊണ്ട് നിശ്ചിത സമയത്തുതന്നെ ബന്ധപ്പെട്ട മന്ത്രിമാർക്ക് കൊടുത്താൽ ഈ വിവരം ശേഖരിക്കുന്നു എന്ന് പറയുന്നതിനുപകരം കൃത്യമായ വിവരം തന്നെ എത്തിക്കാൻ കഴിയും. ഒരേ ചോദ്യത്തിനകത്തുതന്നെ ഉപചോദ്യവും വരുമ്പോൾ മെയിൻ ചോദ്യത്തിന് ഒരുപക്ഷേ യഥാർത്ഥത്തിലുള്ള സ്ഥിതിവിവരം പറയുകയും ഉപചോദ്യത്തിനകത്ത് നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ വിവരം ശേഖരിച്ചുവരുന്നു എന്ന് പറയേണ്ടിവരികയും ചെയ്യുന്ന പ്രായോഗികമായ പ്രയാസംകൂടി അങ്ങ് കണക്കിലെടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സംബന്ധിച്ച് സർവ്വ ബഹുമാനത്തോടുംകൂടി ഞാൻ പറയട്ടെ. ഇത് ജനറലൈസ് ചെയ്യരുത്. ചില കാര്യങ്ങളിൽ സംഭവിക്കാം. പക്ഷേ എന്റെ അഭിപ്രായത്തിൽ എണ്ണം കൂടിക്കൂടി വരികയാണ്. ഇത് നല്ല പ്രവണതയല്ല. അനിവാര്യമായ കാര്യത്തിൽ ചിലപ്പോൾ വിവരം ശേഖരിക്കേണ്ടിവരും. പെട്ടെന്ന് ഉത്തരം കൊടുക്കാൻ വിഷമമുണ്ടാകും. മന്ത്രിമാർ തന്നെ ഇക്കാര്യത്തിൽ ഒരു ആത്മപരിശോധന നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly